പുതിയ ടൂറിസം പ്രോജക്ടുകൾ

11 (*191) ശ്രീ. എം. മുരളി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം ഏതൊക്കെ പുതിയ ടൂറിസം പ്രോജക്ടുകൾ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ബി) പുതിയ എത്ര ടൂറിസം പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത്തരത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾക്ക് ആകെ എത്ര കോടി രൂപ മുതൽ മുടക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇക്കോ ടൂറിസത്തിനായി ഇതിൽ ഏതൊക്കെ പദ്ധതികളാണുള്ളത് ;

(ഇ) ഇവ പൂർത്തിയാക്കുന്നതിന് സമയബന്ധിതമായ എന്തൊക്കെ ക്രമീകരണങ്ങൾക്കാണ് രൂപം നല്കിയിരിക്കുന്നത് ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ,

(എ) അനുബന്ധമായി നൽകുന്നു.*

(ബി) 54 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഏകദേശം 130.25 കോടി രൂപ മുതൽ മുടക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഈ സാമ്പത്തിക വർഷം ആരംഭിക്കാൻ ലക്ഷ്യമിട്ടിരുന്ന ഇക്കോ ടൂറിസം പദ്ധതികൾ ഇവയാണ് :

1. തെന്മലയിൽ താമസ സൗകര്യം
2. പരുന്തു റാഞ്ചി മണപ്പുറം
3. നെല്ലിയാമ്പതി
4. കുടുക്കത്തുപാറ

(ഇ) ഈ സാമ്പത്തിക വർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നിർവ്വഹണ ഏജൻസികളെ നിയമിക്കുകയും, അതനുസരിച്ച് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പണി ആരംഭിച്ച പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും ഇനിയും ആരംഭിക്കാനുള്ളവയുടെ പണി ഉടൻ തന്നെ ആരംഭിക്കുന്നതിനുമായി ടൂറിസം വകുപ്പിലെ ജോയിന്റ് ഡയറക്ടർമാർ, ജില്ലാ ഓഫീസർമാർ,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറിമാർ, നിർവ്വഹണ ഏജൻസികൾ, ബന്ധപ്പെട്ട വകുപ്പുകൾ എന്നിവയുടെ മീറ്റിംഗ് വിളിച്ചുകൂട്ടുകയും, നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ജില്ലാ തലത്തിൽ ഉദ്യോഗസ്ഥൻമാർക്ക് ചുമതല നൽകുകയും ചെയ്തിട്ടുണ്ട്.

ബേക്കൽ ടൂറിസം വികസന നടപടികൾ

12 (*192) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേക്കൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) ബേക്കലിൽ എത്ര റിസോർട്ടുകളാണ് നിർമ്മിക്കുന്നത് ; അവയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുമോ ;

(സി) ബേക്കലിൽ എത്ര റിസോർട്ടുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട് ;

(ഡി) ബേക്കലിനെ അന്താരാഷ്ട്ര ടൂറിസം ഭൂപടത്തിലെത്തിക്കുന്നതിന് മാർക്കറ്റിംഗ് രംഗത്ത് ടൂറിസം വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ,

(എ) ബേക്കൽ ടൂറിസം പദ്ധതിയുടെ ഭാഗമായി സ്വകാര്യ സംരംഭകർക്കും പൊതുജനങ്ങൾക്കും വെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി 7.4 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലവിതരണ പദ്ധതി നടപ്പിലാക്കി. റിസോർട്ടുകളിലേക്കുള്ള റോഡുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി മലബാർ പാക്കേജിൽ ഉൾപ്പെടുത്തി 20.21 കോടി രൂപ ചെലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പുവഴി ആരംഭിച്ചു. ബേക്കൽ കോട്ട സന്ദർശിക്കാനെത്തുന്ന സഞ്ചാരികൾക്ക് വാഹന പാർക്കിംഗ് സൗകര്യവും ടോയ്ലെറ്റ് സമുച്ചയവും ഒരുക്കിയിട്ടുണ്ട്. ബി.ആർ.ഡി.സി. നിർമ്മിച്ച തണൽ വിശ്രമകേന്ദ്രം ഒരു ഫാമിലി എന്റർട്ടൈൻമെന്റ് സെന്ററാക്കി വിപുലീകരിച്ചിട്ടുണ്ട്. ഇതിൽ താമസ സൗകര്യം, ഭക്ഷണശാല, വിനോദ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ബി.ആർ.ഡി.സി. വികസിപ്പിച്ച പള്ളിക്കര ബീച്ച് പാർക്കിൽ ഗെസിബോ, കുട്ടികൾക്കായുള്ള കളിയുപകരണങ്ങൾ, എന്നിവ ഒരുക്കിയിട്ടുണ്ട്. വലിയപറമ്പ ടൂറിസം വികസനത്തിന്റെ ഭാഗമായി ഇൻഫർമേഷൻ സെന്റർ പണിയുന്നതിന് വേണ്ടി 10 സെന്റ് സ്ഥലം സ്വകാര്യവ്യക്തിയിൽ നിന്നും വിലയ്ക്ക് വാങ്ങിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[18-2-2011-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 11(*191)-ന്റെ ഉത്തരം ദയവായി കാണുക]

1. തലശ്ശേരി പൈതൃക ടൂറിസം പദ്ധതി
2. മുസിരിസ് പൈതൃക പദ്ധതി
3. വഴിയോര വിശ്രമ കേന്ദ്രം, പാറശ്ശാല
4. നെടുങ്കണ്ടം, കല്ലാർ ടൂറിസം പദ്ധതി
5. കാപ്പിൽ ബീച്ച് ടൂറിസം വികസനം
6. രാമക്കൽ മേട് എനർജി പാർക്ക്
7. ചിൽഡ്രൺസ് പാർക്ക്, കോഴിക്കോട്
8. കാസർഗോഡ് ബീച്ച് ടൂറിസം പദ്ധതി
9. വാഞ്ചികടവ് പാർക്ക്, ചാവക്കാട്
10. ഒട്ടുമ്പ്രം ബീച്ച് വികസനം, മലപ്പുറം
11. പയ്യാമ്പലം ബീച്ച് ടൂറിസം പദ്ധതി
12. കൊട്ടിയൂർ പിൽഗ്രീം ടൂറിസം പദ്ധതി
13. കിഴുന്ന ബീച്ച് ടൂറിസം വികസനം പദ്ധതി, കണ്ണൂർ
14. ജവഹർ ഘട്ട്, തലശ്ശേരി
15. ശബരിമല എടത്താവളം, പത്തനംതിട്ട
16. കാന്തായികാനം സംരക്ഷണ പദ്ധതി
17. കുമരകം കൾച്ചറൽ സെന്റർ
18. തൃത്താല ടൂറിസം വികസനം പദ്ധതി, പാലക്കാട്
19. പുത്തരിക്കണ്ടം സൗന്ദര്യവൽക്കരണ പദ്ധതി
20. പാതിരാമണൽ ബയോപാർക്ക് പദ്ധതിയുടെ ഭാഗമായ പാലം നിർമ്മാണം
21. കൊച്ചി മുളവുകാട് ടൂറിസം വികസനം പദ്ധതി
22. സപര്യ ടൂറിസം പദ്ധതി
23. പരുന്തു റാഞ്ചി ഇക്കോ ടൂറിസം പദ്ധതി
24. കുഴളി ടൂറിസം ഡെസ്റ്റിനേഷൻ വികസനം
25. പാർക്ക് വ്യൂ മ്യൂസിയത്തിൽ ലാന്റ് സ്കോപ്പിംഗ് പ്രവൃത്തികൾ

LIBRARY ARCHIVES Kerala Legislative Assembly

26. തൃശ്ശൂർ ടൗൺ സ്കയർ

27. സുൽത്താൻ ബത്തേരി ഠൗൺ സ്കയർ, വയനാട്

28. സുൽത്താൻ ബത്തേരി ഗസ്റ്റ്ഹൗസ്, അഡീഷണൽ ബ്ലോക്ക്

29. ധർമ്മടത്തിന് സമീപം കൊടുവള്ളിയിൽ ബീച്ച് ടൂറിസം വികസനം പദ്ധതി

30. മണിയാർ ഡാം സൗന്ദര്യവൽക്കരണ പദ്ധതി

31. റിവർസൈഡ് പാർക്ക്, മലപ്പുറം

32. ഡർബാർ ഹാൾ ഗ്രൗണ്ട്, സൗന്ദര്യവൽക്കരണം, എറണാകുളം

33. നല്ലതണ്ണി, ഇടുക്കി, ടൂറിസം വികസനം

34. ഹരിതവനം ടൂറിസം പദ്ധതി

35. പെരിയാറിന്റെ തീരത്ത് നടപ്പാത നിർമ്മാണം

36. ചൈമ്പെ ഗ്രാമം, കോട്ടായി, പാലക്കാട്

37. കാഞ്ഞിപ്പുഴ ഡാം സൗന്ദര്യവൽക്കരണം, പാലക്കാട്

38. ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ

39. വേമ്പനാട് തീരത്ത് നടപ്പാത നിർമ്മാണം

40. ബീയെം കായൽ ടൂറിസം പദ്ധതി

41. ചാവക്കാട് ബീച്ച് ടൂറിസം വികസനം

42. പാതിരാമണൽ ബയോപാർക്ക്

43. ഇന്ദ്രൻചിറ ടൂറിസം പദ്ധതി, എറണാകുളം

44. ആലപ്പുഴ, വയനാട് നവീകരണം

45. മൂന്നാർ യാത്രി നിവാസിന്റെ അധികപ്രവൃത്തികൾ

46. പാപനാശം, വർക്കല, ഡെസ്റ്റിനേഷൻ വികസനം

47. വാളറ മോട്ടലിന്റെ നവീകരണം

48. കടമ്പ്രയാർ ടൂറിസം പദ്ധതി, രണ്ടാംഘട്ടം

49. കരിപ്പൂർകടവ്, സ്ഥിരം പവലിയൻ നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

50. സഞ്ചാരികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട്

(എ) ക്രാഫ്റ്റ് വില്ലേജ് ഇരിങ്ങൽ

(ബി) വർക്കല ബീച്ച്

(സി) നിളാ ടൂറിസം കുറ്റിപ്പുറം

(ഡി) മൂന്നാർ എന്നിവയും

51. ഇക്കോ ടൂറിസം പദ്ധതികളായ തെന്മലയിൽ താമസ സൗകര്യം, നെല്ലിയാമ്പതി കുടുക്കത്തുപാറ എന്നിവയും

LIBRARY ARCHIVES Kerala Legislative Assembly